SATURDAY ശനിയാഴ്ച



# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

Chief Editor : George Sebastian

Editor : Dr Asha T T

Farm Information Bureau, Kowdiar, Thiruvananthapuram -695003

Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186, 2317314

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

**24-07-2021**

# എഫ് ഐ ബി കാർഷികവാർത്തകൾ – FIB FARM NEWS

1. ജലസേചനത്തിനായി സാമൂഹ്യാടിസ്ഥാനത്തിൽ ജലസംഭരണികൾ/ കുളങ്ങൾ/പ്ലാസ്റ്റിക് ലൈനിങ്ങോടുകൂടിയ റിസർവോയറുകൾ എന്നിവ നിർമ്മിക്കുന്നതിന് MIDH -2021-22 പദ്ധതി പ്രകാരം സബ്സിഡി നൽകുന്നു. സ്വകാര്യ സംരംഭകർ, കർഷകർ, എന്നിവർക്ക് ജലസ്രോതസ്സുകൾ നിർമ്മിക്കുന്നതിന് സമതല പ്രദേശങ്ങളിൽ രജിസ്റ്റേർഡ് എഞ്ചിനീയറുടെയോ എൽ.എസ്.ജി.ഡി എഞ്ചിനീയറുടെയോ മൂല്യനിർണ്ണയത്തിന്റെ അടിസ്ഥാനത്തിൽ 75000/- രൂപ ധനസഹായം നൽകുന്നതാണെന്ന് തിരുവനന്തപുരം ജില്ലാ കൃഷി ഓഫീസർ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള കൃഷിഭവനുമായി ബന്ധപ്പെടുക.

2. കാർഷിക യന്ത്രവൽക്കരണ ഉപപദ്ധതിയിലേക്ക് https://agrimachinery.nic.in/index എന്ന വെബ്സൈറ്റിൽ കൂടി അപേക്ഷിക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്കായി **8075251014, 9895440373, 9383471799** എന്നീ ഫോൺ നമ്പറുകളിലോ smamkerala@gmail.com എന്ന ഇ-മെയിൽ വിലാസത്തിലോ ബന്ധപ്പെടാവുന്നതാണ്.

3. കാർഷിക പമ്പുകൾ സോളാറിലേക്ക മാറ്റുന്നതിന് www.anert.gov.in എന്ന അനെർട്ട് വെബ്സൈറ്റിലൂടെ അപേക്ഷിക്കാവുന്നതാണ്. അനെർട്ടും കെ.എസ്.ഇ.ബി.യും കൃഷി വകുപ്പും സംയുക്തമായാണ് പദ്ധതി നടപ്പിലാക്കുന്നത്. കൂടുതൽ വിവരങ്ങൾ 1800 425 1803 ടോൾ ഫ്രീ നമ്പറിലും അനെർട്ട് ജില്ലാ കാര്യാലയത്തിലും പ്രദേശത്തെ കൃഷി ഓഫീസിലും ലഭിക്കും.

4. ശാസ്ത്രീയ തേനീച്ച വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ശുദ്ധമായ തേനിന്റെയും അനുബന്ധ ഉത്പന്നങ്ങളുടെയും ലഭ്യതയും വിപണനവും ലക്ഷ്യമാക്കി കൃഷി വകുപ്പിന്റെ **മധു കാന്തി** പോർട്ടൽ. തേനീച്ച കർഷകരും കർഷക സംഘങ്ങളും മധു കാന്തി പോർട്ടലിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. www.allbankcare.in , www.nbb.gov.in എന്നിവയാണ് വെബ് സൈറ്റുകൾ. കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള കൃഷിഭവനുമായി ബന്ധപ്പെടുക.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

**24-07-2021**

5. കുത്താളി ജില്ലാ കൃഷിത്തോട്ടത്തിൽ WCT തെങ്ങിൻ തൈകൾ തൈ ഒന്നിന് നൂറു രൂപ നിരക്കിൽ വിൽപ്പനയ്ക്ക് സജ്ജമായിട്ടുള്ളതായി കുത്താളി ജില്ലാ കൃഷിത്തോട്ടം സൂപ്രണ്ട് അറിയിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് 0496 2662264 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

**പരിശീലന പരിപാടികൾ**

6. എറണാകുളം ജില്ലയിലെ കാർഷിക പരിശീലന കേന്ദ്രം വൈറ്റില ആർ.എ.റ്റി.റ്റി.സി കർഷകർക്കായി ഈ മാസം 26-ന് വെണ്ട കൃഷി രീതിയും പരിപാലനവും , 28-ന് ചീര കൃഷിയും പരിപാലന മുറകളും, 30-ന് വെള്ളരി വർഗ വിളകൾ എന്നീ വിഷയങ്ങളിൽ ഫേയ്സ്ബുക്ക് പരിശീലന പരിപാടി നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് **0484-2703094** എന്ന നമ്പരിൽ ബന്ധപ്പെടുക.

7. പാലക്കാട് ജില്ലയിലെ ആലത്തൂർ ക്ഷീര പരിശീലന കേന്ദ്രത്തിൽ വച്ച് നാളെ (25-7-2021) ന് 2.30 മണി മുതൽ മഴക്കാല രോഗങ്ങൾ പ്രതിരോധവും പ്രതിവിധിയും എന്ന വിഷയത്തിൽ ഡോ. സജിത്ത് ഗൂഗിൾ മീറ്റ് വഴി ഓൺലൈൻ പരിശീലനം നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് **0492-2226040** എന്ന നമ്പരിൽ ബന്ധപ്പെടുക.

8. ആതവനാട് മൃഗസംരക്ഷണ പരിശീലനകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഇന്ന് (24/07/2021) വൈകീട്ട് 6 മണി മുതൽ 'ആടുവളർത്തൽ സാധ്യതകൾ - കൂട് നിർമ്മാണവും പരിപാലന രീതികളും' എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം സംഘടിപ്പിക്കുന്നു. പങ്കെടുക്കുവാൻ താൽപ്പര്യമുള്ളവർ **9446424556** എന്ന നമ്പറിൽ വിളിച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്.

9. കാർഷികോല്പാദനക്ഷമതയ്ക്ക് തേനീച്ച പരിപാലനം എന്ന ലക്ഷ്യത്തോടെ കേരള ഹോർട്ടികോർപ്പ് ഈ മാസം 27,28,29 തീയതികളിൽ തീക്കോയിൽ വച്ച് സൗജന്യ തേനീച്ച വളർത്തൽ പരിശീലനം സംഘടിപ്പിക്കുന്നു. തേനീച്ച വളർത്തൽ കൃഷിയിലൂടെ വരുമാനവും, ജൈവവൈവിധ്യ സംരക്ഷണവും കാർഷികമേഖലയിലെ ഉല്പാദന വർദ്ധനവ് ലക്ഷ്യമാക്കി സംഘടിപ്പിക്കുന്ന 3 ദിവസത്തെ സമഗ്ര തേനീച്ച വളർത്തൽ പരിശീലന പരിപാടിയിൽ 40 കർഷകർക്ക് പങ്കെടുക്കാം. പങ്കെടുക്കുന്ന കർഷകർക്ക് ഹോർട്ടികോർപ്പ് സർട്ടിഫിക്കറ്റ്, സബ്സിഡി നിരക്കിൽ തേനീച്ച കോളനികൾ, അനുബന്ധ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

**24-07-2021**

ഉപകരണങ്ങൾ എന്നിവ ലഭ്യമാക്കും. പങ്കെടുക്കാൻ താല്പര്യമുള്ള കർഷകർ, വനിതകൾ, യുവാക്കൾ എന്നിവർ 9447910989 എന്ന ഫോൺ നമ്പരിൽ ഈ മാസം 25ന് മുൻപ് രജിസ്റ്റർ ചെയ്യാം.

10. തിരുവല്ല മഞ്ഞാടിയിലെ ഡക്ക് ഹാച്ചറി ആന്റ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ ഈ മാസം 27-ാം തീയതി പോത്തുകുട്ടി പരിപാലനം എന്ന വിഷയത്തിൽ സൗജന്യ ഓൺലൈൻ പരിശീലനം നൽകുന്നു. പരിശീലനത്തിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ വാട്സ് ആപ് സന്ദേശം മുഖേന പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 9188522711 എന്ന മൊബൈൽ നമ്പരിൽ ബന്ധപ്പെടുക.

**പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ**

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം